ഞാനും എന്റെ തൊഴിൽ നിയമങ്ങളും
വാല്യം - 8

# കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻറ് തൊഴിലാളി ക്ഷേമനിധി പദ്ധതി

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ്
എംപ്ലോയ്മെന്റ് (കിലെ)

## ഞാനും എന്റെ തൊഴിൽ നിയമങ്ങളും
## വാല്യം - 8

## കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻറ് തൊഴിലാളി ക്ഷേമനിധി പദ്ധതി 2007


സൗജന്യ വിതരണത്തിന്


| | |
|---|---|
| ഒന്നാം പതിപ്പ് | ജനുവരി 2016 |
| രണ്ടാം പതിപ്പ് | ജൂൺ 2016 |
| മൂന്നാം പതിപ്പ് | ജൂൺ 2016 |
| നാലാം പതിപ്പ് | ഫെബ്രുവരി 2018 |
| അഞ്ചാം പതിപ്പ് | മാർച്ച് 2018 |
| ആറാം പതിപ്പ് | മാർച്ച് 2018 |
| ഏഴാം പതിപ്പ് | നവംബർ 2018 |

പ്രസാധനം

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് (കിലെ)**

നാലാംനില, തൊഴിൽ ഭവൻ, വികാസ് ഭവൻ.പി.ഒ,
തിരുവനന്തപുരം -695033
ഫോൺ: 0471 2309012, 2307742, 2308947 (ഫാക്സ്)
ഇ-മെയിൽ: kiletvm@gmail.com, mail.kile@kerala.gov.in
വെബ്സൈറ്റ്: **www.kile.kerala.gov.in**

അച്ചടി: ഓറഞ്ച് പ്രിന്റേഴ്സ്, തിരുവനന്തപുരം
*ഡിസൈൻ & ലെഔട്ട് : ശ്രീജിത്ത് രാജൻ*



# സന്ദേശം

2007ലാണ് കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ബോർഡും ക്ഷേമപദ്ധതിയും നിലവിൽ വരുന്നത്. കട-കമ്പോളങ്ങളിൽ തൊഴിൽ ചെയ്യുന്ന കേരളത്തിലെ അനേകലക്ഷം തൊഴിലാളികൾക്കും കുടുംബത്തിനും ഒരു പിന്തുണ ലഭിക്കുന്ന സമൂഹ്യസുരക്ഷിതത്വ പദ്ധതിയാണ്. ആയതിനാൽ സർക്കാരിന്റെ കാലം മുതൽ കേരള സർക്കാർ നിരവധി ക്ഷേമപദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് വ്യവസ്ഥാപിതമായ ആനുകൂല്യങ്ങൾ ഒന്നും ലഭ്യമല്ലാത്തവർക്ക് ക്ഷേമനിധി ആശ്വാസ മാകും. ഷോപ്പ്സ് ക്ഷേമനിധി എന്തെന്ന് മനസ്സിലാക്കുവാനും അതിൽ അംഗമാകുന്നതിനും ഈ ചെറിയ കൈപ്പുസ്തകം തൊഴിലാളികൾക്ക് ഏറെ പ്രയോജനപ്രദമാകും. ഭേദഗതികൾ ഉൾപ്പെടുത്തി ഈ പുസ്തം പ്രസിദ്ധീകരിക്കുവാൻ കിലെയ്ക്ക് സാധിക്കുന്നതിൽ ഞങ്ങൾ സന്തുഷ്ടരാണ്.

തിരുവനന്തപുരം
5.04.2022

**കെ.എൻ. ഗോപിനാഥ്**
ചെയർമാൻ
കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്
ലേബർ & എംപ്ലോയ്മെന്റ്



# ആമുഖം

സംസ്ഥാന തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയമെന്റ് (കിലെ)യുടെ ഉദ്ദേശലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ട താണ് തൊഴിലും അനുബന്ധ മേഖലയുമായി ബന്ധപ്പെട്ട വിഷയ ങ്ങളിൽ പ്രസിദ്ധീകരണങ്ങൾ തയ്യാറാക്കുക എന്നത്. കിലെയുടെ പല പ്രസിദ്ധീകരണങ്ങളും വളരെയേറെ ജനശ്രദ്ധ നേടിയിരുന്നു. സാധാരണ ജനങ്ങൾക്ക് തൊഴിൽ നിയമങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിനായി ഞാനും എന്റെ തൊഴിൽ നിയമങ്ങളും എന്ന പേരിൽ കൈപുസ്തകം ലളിതമായ ഭാഷയിൽ തയ്യാറാക്കി യിരുന്നു. കിലെയുടെ ഇത്തരം പ്രസിദ്ധീകരണത്തിലൂടെ തൊഴിൽ മേഖലയിലെ വിവിധ വിഷയങ്ങൾ, നിയമങ്ങൾ എന്നിവ സംബന്ധിച്ച് ജനങ്ങൾക്കിടയിൽ കൃത്യമായ അവബോധം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. കേരള ഷോപ്സ് ആന്റ് ` കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമവും പദ്ധതിയും 1960' എന്ന മലയാളത്തി ലുള്ള ലഘുവിവരണം പൊതുജനസമക്ഷം അവതരിപ്പിക്കുന്നു.

തിരുവനന്തപുരം
5.04.2022

**സുനിൽ തോമസ്**
എക്സിക്യൂട്ടീവ് ഡയറക്ടർ
കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്
ലേബർ & എംപ്ലോയ്മെന്റ്

# സൂചിക


| | | |
|---|---|---|
| സന്ദേശം | : | 4 |
| ആമുഖം | : | 5 |
| സവിശേഷത | : | 7 |
| അംഗത്വം | : | 8 |
| അപേക്ഷ നൽകേണ്ട രീതി | : | 9 |
| അംശാദായം | : | 10 |
| ആനുകൂല്യങ്ങൾ | : | 11 |
| മറ്റ് സവിശേഷതകൾ | : | 14 |
| ഫോറം 1 | : | 15 |
| ഫോറം 4 | : | 17 |

# 2007 ലെ കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻറ് തൊഴിലാളി ക്ഷേമനിധി പദ്ധതി



1960 ലെ കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ് മെന്റ് നിയമത്തിൻെറ പരിധിയിൽ വരുന്ന തൊഴിലാളികളുടെയും ഈ മേഖലയിൽ സ്വന്തമായി തൊഴിൽ ചെയ്യുന്ന ആളുകളുടെയും ക്ഷേമത്തിനും അവർക്ക് പെൻഷൻ നൽകുന്നതിനായും കേരള സർക്കാർ ആവിഷ്കരിച്ച ബൃഹത്തായ ഒരു സാമൂഹ്യ സുരക്ഷാ പദ്ധതിയാണ് കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെൻറ് തൊഴിലാളി ക്ഷേമനിധി പദ്ധതി 2007. ഈ സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ ഇതുവരെയായി 1, 69, 614 സ്ഥാപനങ്ങളിലായി 10,70,992 തൊഴിലാളികളും 52,464 സ്വയം തൊഴിൽ ചെയ്യുന്ന ആളുകളും അംഗങ്ങളായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## താഴെപ്പറയുന്ന സവിശേഷതകൾ ഈ പദ്ധതിക്കുണ്ട്

പദ്ധതി നടത്തിപ്പിനായി 15 അംഗങ്ങളടങ്ങിയ ഒരു ബോർഡ് രൂപീകൃതമായിട്ടുണ്ട്. ഇതിൽ

(i) തൊഴിലാളികളെയും സ്വന്തമായി തൊഴിൽ ചെയ്യുന്നവരെയും പ്രതിനീധീകരിക്കുന്ന 5 അംഗങ്ങൾ

(ii) തൊഴിലുടമകളെ പ്രതിനിധീകരിക്കുന്ന 5 അംഗങ്ങൾ

(iii) സർക്കാരിനെ പ്രതിനിധീകരിക്കുന്ന 5 അംഗങ്ങൾ എന്നിവർ ഉണ്ടായിരിക്കും. ഒരാൾ ബോർഡിൻെറ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായിരിക്കും. ബോർഡംഗങ്ങളിൽ ഒരാളെ ചെയർമാനായി സർക്കാർ നിയമിക്കുന്നു.

ബോർഡിൻെറ യോഗം സാധാരണ ഗതിയിൽ രണ്ടു മാസത്തിലൊരിക്കൽ കൂടേണ്ടതാണ്. മൂന്നിലൊന്ന് ഡയറക്ടർമാരുടെ രേഖാമൂലമുള്ള അഭ്യർത്ഥന കിട്ടിയാൽ അതു കിട്ടി 15 ദിവസങ്ങൾക്കകം ചെയർമാന് യോഗം വിളിച്ചു കൂട്ടാവുന്നതാണ്.

ബോർഡ് യോഗം നടക്കേണ്ടതിൻെറ 15 ദിവസത്തിനു മുമ്പ് യോഗത്തിൻെറ നോട്ടീസും കാര്യവിവര പട്ടികയും ഓരോ ഡയറക്ടർക്കും സർട്ടിഫിക്കേറ്റ് ഓഫ് പോസ്റ്റിംഗ്/ഫാക്സ്/ ഇ-മെയിൽ മുഖേനയോ പ്രത്യേക ദൂതൻ വഴിയോ അയക്കേണ്ടതും നോട്ടീസിൽ യോഗ തീയതി, സമയം, സ്ഥലം എന്നിവ കൃത്യമായി കാണിച്ചിരിക്കേണ്ടതുമാണ്.





ബോർഡിനു കീഴിൽ ഇപ്പോൾ 14 ജില്ലാ ഓഫീസുകളുണ്ട്.

ബോർഡിൻെറ എല്ലാ യോഗങ്ങളിലും ചെയർമാൻ അദ്ധ്യക്ഷത വഹിക്കേണ്ടതാണ്.

ബോർഡ് യോഗത്തിൽ ആകെ അംഗങ്ങളുടെ മൂന്നിലൊന്ന് അംഗങ്ങളെങ്കിലും ഹാജരായില്ലെങ്കിലോ തൊഴിലാളി, തൊഴിലുടമ, സർക്കാർ എന്നീ വിഭാഗങ്ങളിൽ ഓരോ അംഗമെങ്കിലും ഹാജരായില്ലെങ്കിലോ യോഗം നടത്തുവാൻ പാടുള്ളതല്ല.

ബോർഡിന് ആവശ്യമെന്നു കാണുന്ന പക്ഷം വാർഷിക ബഡ്ജറ്റ്, വാർഷിക ഭരണ റിപ്പോർട്ട്, ഓഡിറ്റ് റിപ്പോർട്ട്, പദ്ധതി പരിഷ്കരണം എന്നിവ പരിഗണിക്കുന്നതിലേക്കായി ആവശ്യാനുസരണം സബ് കമ്മിറ്റികൾ രൂപീകരിക്കാവുന്നതാണ്.

ബോർഡിനു കീഴിൽ ഇപ്പോൾ 14 ജില്ലാ ഓഫീസുകളുണ്ട്.

## അംഗത്വം

1960 ലെ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിൻെറ പരിധിയിൽ വരുന്ന തൊഴിലാളികൾ, സ്വന്തമായി ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നവർ എന്നിവർക്ക് ഈ പദ്ധതിയിൽ അംഗങ്ങളാകാവുന്നതാണ്. പ്രായം 18 വയസ്സിനും 55 വയസ്സിനും ഇടയിൽ ആയിരിക്കേണ്ടതാണ്.

## അപേക്ഷാ ഫോറം ലഭിക്കുന്ന സ്ഥലം

- അസിസ്റ്റൻറ് ലേബർ ഓഫീസ്
- ക്ഷേമനിധി ബോർഡിൻെറ ജില്ലാ ഓഫീസുകൾ

## അപേക്ഷ നൽകേണ്ട രീതി

- സ്ഥാപനത്തിലെ അംഗങ്ങൾക്ക് ഫോറം 4 ൽ തയ്യാറാക്കിയ തൊഴിലാളികളുടെ പട്ടികയും ഫോറം 1 ലുള്ള അപേക്ഷയും
- സ്വയം തൊഴിൽ ചെയ്യുന്നവർ ഫോറം 1 ൽ അപേക്ഷ നൽകണം
- അപേക്ഷയോടൊപ്പം പാസ്പോർട്ട് സൈസ് ഫോട്ടോയുടെ രണ്ടു കോപ്പികൾ സമർപ്പിക്കണം.



ജനനതീയതി തെളിയിക്കുന്ന രേഖയുടെ ഫോട്ടോകോപ്പി (എസ്.എസ്.എൽ.സി. ബുക്ക്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, ഇലക്ഷൻ തിരിച്ചറിയൽ കാർഡ്, ആധാർ)

രജിസ്റ്റർ ചെയ്ത അംഗത്തിന് ഒരംഗത്വ നമ്പർ നൽകുന്നതാണ്. ഇപ്രകാരം രജിസ്റ്റർ ചെയ്ത തൊഴിലാളിക്ക് 3-ാം നമ്പർ ഫോറത്തിൽ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നൽകുന്നതുമാണ്. നിധിയിൽ അംഗമായി ചേരുന്ന ഏതൊരാളും നോമിനേഷൻ നൽകേണ്ടതാണ്. കുടുംബം എന്നതിൻെറ

നിർവചനത്തിൽ ഉൾപ്പെടുന്ന ആരെയെങ്കിലും മാത്രമേ നാമനിർദേശം ചെയ്യാൻ പാടുള്ളൂ.

'കുടുംബം'എന്നാൽ ഭർത്താവ്, അല്ലെങ്കിൽ ഭാര്യ. അവരുടെ പ്രായപൂർത്തിയാകാത്ത മക്കൾ, അവിവാഹിതരായ പുത്രിമാർ എന്നിവരും. കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിൻെറ പരിധിയിൽ വരുന്ന തൊഴിലാളിയെയോ സ്വന്തമായി തൊഴിൽ ചെയ്യുന്ന ആളെയോ മാത്രം ആശ്രയിച്ചു കഴിയുന്ന അച്ഛനും അമ്മയും, വിധവകളായ പുത്രിമാരും എന്നർത്ഥമാകുന്നു.

**ഒരു തൊഴിലാളിക്ക് ഒരു അംഗത്വ നമ്പർ. ഏതു സ്ഥാപനത്തിൽ മാറി മാറി തൊഴിൽ ചെയ്താലും അംഗത്വ നമ്പറിൽ മാറ്റമില്ല.**



## അപേക്ഷകൾ നൽകേണ്ടത്

- ക്ഷേമനിധിയുടെ ജില്ലാ ഓഫീസ്
- അസിസ്റ്റൻറ് ലേബർ ഓഫീസ്

## അംശദായം

- തൊഴിലാളി വിഹിതമായി 20/- രൂപയും തൊഴിലുടമാ വിഹിതമായി 20/- രൂപയും ചേർത്ത് മൊത്തം 40/- രൂപ പ്രതിമാസം ഒരു തൊഴിലാളിക്ക്.
- സ്വയം തൊഴിൽ ചെയ്യുന്നവർ 40/- രൂപ പ്രതിമാസം.

## അംശദായം സ്വീകരിക്കുന്ന ബാങ്കുകൾ

- ബാങ്ക് ഓഫ് ഇൻഡ്യ
- ഇൻഡ്യൻ ബാങ്ക്,
- ധനലക്ഷ്മി ബാങ്ക്,
- പഞ്ചാബ് നാഷണൽ ബാങ്ക്
- ഫെഡറൽ ബാങ്ക്,

## അംഗത്വ മാറ്റം

തൊഴിലാളി ജോലിചെയ്യുന്ന സ്ഥാപനം മാറുമ്പോൾ ഫോറം 5 ൽ ജില്ലാ ഓഫീസുകളിൽ അറിയിച്ച് മാറ്റം വരുത്തേണ്ടതാണ്. ഒരു തൊഴിലാളിക്ക് ഒരു അംഗത്വ നമ്പർ, ഏതു സ്ഥാപനത്തിൽ മാറി മാറി തൊഴിൽ ചെയ്താലും അംഗത്വ നമ്പറിൽ മാറ്റമില്ല.

## ആനുകൂല്യങ്ങൾ

### 1. പെൻഷൻ

- 10 വർഷം തുടർച്ചയായി അംശദായം അടച്ച് 60 വയസ്സ് പൂർത്തിയായവർക്ക്
- സ്ഥിരമായ ശാരീരിക അവശത മൂലം രണ്ടു വർഷത്തിലധികം ജോലി ചെയ്യുവാൻ കഴിയാത്തവർക്ക്

### 2. കുടുംബ പെൻഷൻ

- 15 വർഷം അംശദായം അടച്ച് അംഗം മരണമടഞ്ഞാൽ
- പെൻഷൻ ലഭിക്കുന്ന അംഗം മരണപ്പെട്ടാൽ

### 3. വിവാഹാനുകൂല്യം

- 3 വർഷം അംശദായം അടച്ച അംഗങ്ങളുടെ രണ്ടു പെൺമക്കൾക്കും അംഗത്തിനും.
- സ്ത്രീ അംഗത്തിന് 7500/- രൂപയും പുരുഷ അംഗത്തിന് 5000/- രൂപയും ലഭിക്കും.
- പരമാവധി രണ്ടു തവണ മാത്രമേ ഒരംഗത്തിന് ലഭിക്കുകയുള്ളൂ.



## 4. പ്രസവാനുകൂല്യം

- ഒരു വർഷം തുടർച്ചയായി അംശദായം അടച്ച വനിത അംഗത്തിന് (തുക 15,000/- രൂപ)
- ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടാത്തവർക്ക്
- ഗർഭം അലസലിനും ധനസഹായം നൽകുന്നു.
- പരമാവധി 2 പ്രാവശ്യത്തിൽ കൂടുതൽ പ്രസവകാല വേതനം ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.



## 5. വിദ്യാഭ്യാസാനുകൂല്യം

- ഒരു വർഷം അംശദായം അടച്ച് അംഗത്വം പൂർത്തിയാക്കിയ അംഗങ്ങളുടെ മക്കൾക്ക് സ്കോളർഷിപ്പ്

| | | |
|---|---|---|
| a) ഹയർ സെക്കണ്ടറി | - | 750/- രൂപ |
| b) ബിരുദം | - | 1000/-രൂപ |
| c) ബിരുദാനന്തര ബിരുദം | - | 1500/- രൂപ |
| d) ഐ.ടി.ഐ, ഐ.ടി.സി | - | 750/- രൂപ |
| e) എം.ബി.ബി.എസ്, ബി.എച്ച്.എം.എസ്, ബി.ഡി.എസ് | - | 2000/- രൂപ |
| f) എം.എസ്.ഡബ്ല്യു, എം.ബി.എ തുടങ്ങിയവ | - | 2500/- രൂപ |
| g) എം.ഡി, എം.ടെക് തുടങ്ങിയവ | - | 3000/- രൂപ |





**6. ചികിത്സാ ധനസഹായം**

മൂന്നു വർഷം അംശദായം
അടച്ച അംഗത്തിനും കുടുംബത്തിനും

- പരമാവധി 10,000/- രൂപ
- സർക്കാർ ആശുപത്രിയിൽ കിടന്നുള്ള ചികിത്സയ്ക്ക്

**7. മരണാനന്തര ചെലവ്**

- മൂന്നു വർഷം അംശദായം അടച്ച അംഗത്തിനും അംഗത്തിൻെറ കുടുംബാംഗങ്ങൾക്കും
- തുക 5000/- രൂപ

**8. മരണാനന്തര സഹായം**

- മൂന്നു വർഷം അംശദായം അടച്ച അംഗം മരണപ്പെട്ടാൽ
- 5000/- രൂപ മുതൽ പരമാവധി 20,000/- രൂപ വരെ സർവീസ് ദൈർഘ്യം അനുസരിച്ച് ധനസഹായം

തൊഴിലാളി സ്ഥാപനം മാറുമ്പോൾ ഫോറം 5 ൽ ജില്ലാ ഓഫീസുകളിൽ അറിയിച്ച് മാറ്റം വരുത്തേണ്ടതാണ്.

**9. അംശദായം തിരിച്ചു നൽകൽ**

- തൊഴിലാളി വിഹിതമായി അടക്കുന്ന അംശദായത്തുക പെൻഷൻപറ്റി പിരിയുമ്പോൾ തിരികെ നൽകുന്നു.

മേൽപ്പറഞ്ഞ ആനുകൂല്യങ്ങളിൽ പെൻഷൻ ലഭിക്കുന്നതിന് 7-ാം നമ്പർ ഫോറത്തിലും മറ്റാനുകൂല്യങ്ങൾക്ക് 8-ാം നമ്പർ ഫോറത്തിലും ആവശ്യമായ സർട്ടിഫിക്കറ്റുകൾ സഹിതം ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷകളിൽ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ തീരുമാനത്തിൻ മേൽ ആക്ഷേപം ഉള്ള പക്ഷം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അപ്പീൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ തീരുമാനത്തിൻമേൽ ആക്ഷേപം ഉള്ള പക്ഷം ബോർഡ് ചെയർമാന് അപ്പീൽ നൽകാവുന്നതാണ്.

പ്രതിമാസ പെൻഷൻ തുക 1,100/- രൂപയായി (ഏപ്രിൽ 2017 മുതൽ) മുൻകാലപ്രാബല്യത്തോടെ സർക്കാർ ഉത്തരവായിട്ടുണ്ട്.

## മറ്റ് സവിശേഷതകൾ

- പൂർണ്ണമായും കംപ്യൂട്ടർവൽക്കരിച്ച് പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡ്
- www.peedika.kerala.gov.in എന്ന വെബ്സൈറ്റിലൂടെ തൊഴിലാളികൾക്കും തൊഴിലുടമക്കും അംശദായ അടവ് ഉൾപ്പെടെയുള്ള പദ്ധതി സംബന്ധമായ എല്ലാ വിവരങ്ങളും അറിയാവുന്നതാണ്.

**KERALA SHOPS AND COMMERCIAL ESTABLISHMENT WORKERS WELFARE FUND SCHEME, 2007**

Form 1

**Application for Registration and Nomination**
[See Section 26(1)]

Photo

1. Name :

2. Father's/ Husband's Name :

3. Residential Address with Phone No:

a. Ration Card No. :

b. Voter ID Card No. :

4. Age & Date of Birth :

5. Marital status : Married/Unmarried/Widow

6. Employee/Self employee :

7. If employee, Nature of employment/: Designation

8. Name and address of the Institution with Telephone No. :

9. Period of service in the present Institution :

10. Registration No. of the institution as per Kerala Shops&Commercial Establishments Act 1960 :

11. Details of family members of applicant :

| Sl.No. | Name of family member | Relationship with applicant | Age | Occupation | Remarks |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| | | | | | |

2

12. Whether applicant is a member of
any other Welfare Scheme :

13. If yes
(a) Name of Welfare Fund
(b) Date of admission
(c) Details of Payment

14. I certify that the above particulars are correct.

Signature of Applicant

Signature of Employer
with address and seal

Signature of the Inspector/ District Executive Officer

**Nomination**

15. I hereby nominate the persons mentioned below to receive the amount of financial assistance in the event of my death.

| Sl.No. | Name of address of Nominee (s) | Age | Relationship with the applicant | Percentage of financial assistance to be given to each member |
|---|---|---|---|---|
| | | | | |

Signature of Applicant

For official use

Application accepted/rejected

Register No. if accepted

Reason for rejection

Place: Inspector/ District Executive Officer

Date :

**KERALA SHOPS AND COMMERCIAL ESTABLISHMENT WORKERS WELFARE FUND SCHEME, 2007**

Form 4

**Employees Table**
[See Section 30(1)]

1. Name and address of Establishment:

2. Name and Address of Employer with Phone No. :

3. Register No. as per Kerala Shops & Commercial Establishments Act 1960 :

4. Details of Employees :

| Sl.No. | Name | Status/ Designation | Age | Date of entry into service | Remarks |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |
| | | | | | |

Signature of Employer

## സുസ്ഥിരതയിലേക്ക് അധ്വാനവർഗത്തിന്റെ കൈപിടിച്ച്
## കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ് (KILE)

അധ്വാനമില്ലാതെ ഒന്നും അഭിവൃദ്ധിപ്പെടുന്നില്ല. സോഫക്ലിസിന്റെ വാക്കുകളാണിവ. തൊഴിലിന്റെയും തൊഴിലാളിവർഗത്തിന്റെയും മഹത്വവും ലോകത്തെവിടെയും സാമൂഹികോന്നതിക്കും സാമ്പത്തിക സുസ്ഥിരതയ്ക്കും തൊഴിലാളിവർഗത്തിന്റെ ശരിയായ പരിപാലനത്തിന്റെ ആവശ്യകതയും നിർവ്വചിക്കാൻ ഇതിലും മികച്ച ഒരു ഉദ്ധരണിയില്ല തന്നെ. സാമ്പത്തികസമത്വത്തിലും സാമൂഹിക നീതിയിലും കൂടി മാത്രമേ ലോകമെങ്ങും സ്ഥായിയായ സമാധാനം ഉണ്ടാക്കാൻ കഴിയൂ എന്ന രാജ്യാന്തര തൊഴിൽ സംഘടനയുടെ മൗലീകതത്വം കൂടി ഇതിനോട് കൂട്ടിവായിക്കാം. തൊഴിൽ അത് സംഘടിതമോ അസംഘടിതമോ ആകട്ടെ, കൂലിത്തൊഴിൽ മുതൽ വെള്ളക്കോളർ ജോലി വരെ ഏത് വിഭാഗത്തിൽപ്പെട്ടതുമാകട്ടെ, വേതനത്തിനായി പണിയെടുക്കുന്നവരെല്ലാം തൊഴിലാളി എന്ന വിഭാഗത്തിൽപ്പെടുന്നു. തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താതിരിക്കുന്നതും അവർക്കു ദോഷം ഉണ്ടാകുന്ന രീതിയിൽ തൊഴിൽ സാഹചര്യങ്ങൾ ഉണ്ടാകുന്നതും ലോക സമാധാനത്തിന് ഭീഷണിയാണ്. കാരണം ലോകസമൂഹത്തിന്റെ മഹാ ഭൂരിപക്ഷം തൊഴിലാളികളാണ്. തൊഴിലാളി അസംതൃപ്തനാണ് എന്നാൽ സമൂഹത്തിലെ വലിയ വിഭാഗം അസംതൃപ്തരാണ് എന്നർത്ഥം. ഭുരിപക്ഷ അസംതൃപ്തി ലോകസമാധാനത്തിന് വിഘാതം വരുത്തുകതന്നെ ചെയ്യും. തൊഴിലാളികൾക്ക് സ്വാതന്ത്ര്യവും സാമ്പത്തികസുരക്ഷിതത്വവും അവസരസമത്വവും പ്രദാനം ചെയ്യുന്നതോടൊപ്പം അവർക്ക് ഭൗതികവും മാനസികവുമായ വളർച്ച കൈവരിക്കാൻ തക്കവിധമുള്ള പ്രവർത്തനങ്ങളും ഒരു സമൂഹത്തിൽ ഉണ്ടാവണം. ഈ തത്വം പതിറ്റാണ്ടുകൾക്കു മുമ്പേ തന്നെ മനസ്സിലാക്കുകയും അത്തരത്തിൽ സാമൂഹികസമത്വത്തിനു വേണ്ട പ്രവർത്തനങ്ങളിൽ സജീവമായി നിലകൊള്ളുകയും ചെയ്യുന്ന സംസ്ഥാനമാണ് കേരളം. അടിസ്ഥാനവർഗത്തിന്റെ ഉന്നമനത്തിന് എന്നും പ്രഥമസ്ഥാനം നൽകുന്ന കേരളത്തിൽ ഇത്തരത്തിൽ തൊഴിൽമേഖലയുടെ അഭിവൃദ്ധിക്കും തൊഴിലാളികളുടെ ബോധവത്ക്കരണത്തിനും മികവിനും വേണ്ടി രൂപംകൊള്ളപ്പെട്ട സ്ഥാപനമാണ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയമെന്റ്

(കിലെ-KILE). 1955ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ സംഘങ്ങൾ രജിസ്റ്ററാക്കൽ നിയമ പ്രകാരം 1978-ലാണ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയമെന്റ് സ്ഥാപിതമായത്. അന്നുമുതലിന്നോളം നാല് പതിറ്റാണ്ടിലേറെയായി അധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ സമഗ്രമായ ഉന്നമനത്തിനായി ഈ സ്ഥാപനം സുസജ്ജമായി നിലകൊള്ളുന്നു.

## കിലെയുടെ ഉദ്ദേശ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും

മനുഷ്യൻ സ്വതന്ത്രനായി ജനിക്കുന്നു, പക്ഷേ എവിടെയും അവൻ ചങ്ങലകളിലാണ് എന്ന-റൂസ്സോയുടെ നിരീക്ഷണം സോഷ്യലിസം എന്ന ആശയത്തെ ലോകസമൂഹത്തിൽ വേരുപിടിക്കുന്നതിന് എത്രത്തോളം സഹായിച്ചുവെന്നതിന് ചരിത്രം സാക്ഷി. സോഷ്യലിസം എന്നത് അടിസ്ഥാനവർക്ഷത്തിന്റെ സാമൂഹിക-സാമ്പത്തിക സമത്വത്തിലൂടെ മാത്രമേ സാധ്യമാവൂയെന്നതും കാലം തെളിയിച്ചു. ഇത്തരത്തിൽ തൊഴിലാളിവർഗത്തിന്റെ ഉന്നമനത്തിനായി അഹോരാത്രം യത്നിക്കുന്ന കിലെയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ മേൽപ്പറഞ്ഞ സോഷ്യലിസ്റ്റ് ആശയങ്ങളോട് ചേർന്നുനിൽക്കുന്നതും പ്രവർത്തനങ്ങൾ മാന്യമായ തൊഴിൽ സാഹചര്യങ്ങളിലൂടെ, സംതൃപ്തമായ തൊഴിലാളി സമൂഹത്തിലൂടെ സാമൂഹികോന്നതി എന്ന ലക്ഷ്യത്തിലൂന്നിയതുമാണ്. തൊഴിലും അതുമായി ബന്ധപ്പെട്ട മേഖലകളിലും പരിശീലനവും ഗവേഷണവും നടത്തുക, കോൺഫറൻസുകൾ, ശിൽപശാലകൾ, പ്രവർത്തിപരിചയമേളകൾ മുതലായവ സംഘടിപ്പിക്കുക, തൊഴിലാളികുടുംബങ്ങളുടെ സമഗ്രപുരോഗതിക്കായുള്ള പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുക, തൊഴിൽ നയങ്ങൾ രൂപീകരിക്കുന്നതിന് സഹായകമായ വിവരങ്ങൾ സർക്കാരിന് നൽകുക, സംസ്ഥാനത്തെ നിലവിലെ തൊഴിൽസാഹചര്യം, മാറുന്ന തൊഴിൽ സാഹചര്യങ്ങൾ, തൊഴിൽ അനുബന്ധമേഖലകളിൽ ലോകസമൂഹങ്ങളിൽ ദൃശ്യമാകുന്ന പുത്തൻ പ്രവണതകൾ എന്നിവയെക്കുറിച്ച് ഗവേഷണം നടത്തുക, തൊഴിൽ മേഖലയിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ വിശകലനം ചെയ്ത് പരിഹാര മാർഗം നിർദ്ദേശിക്കുക, തൊഴിൽ അനുബന്ധമേഖലകളുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ, ആനുകാലികങ്ങൾ എന്നിവ പ്രസിദ്ധീകരിക്കുക, തൊഴിലാളിക്ഷേമ

ത്തിനായി പ്രവർത്തിക്കുന്ന ഇതര സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുക, ഫെല്ലോഷിപ്പ്, പ്രൈസുകൾ, സ്റ്റൈപ്പന്റുകൾ മുതലായവ നൽകുക എന്നിങ്ങനെ വിശാലമാണ് കിലെയുടെ പ്രവർത്തനമണ്ഡലം. മൂവായിരത്തോളം പുസ്തകങ്ങൾ ഉള്ള ലൈബ്രറിയും സുസജ്ജമായ ഒരു ഐടി വിഭാഗവും കിലെയ്ക്കുണ്ട്. ഗവേഷണം, പരിശീലനം, പ്രസിദ്ധീകരണം എന്നിങ്ങനെ കിലെയുടെ പ്രവർത്തനമണ്ഡലത്തെ മൂന്നുവിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. അവയെ കുറിച്ച് ചുവടെ:

**പരിശീലനം**

ലോകത്തെല്ലായിടത്തും തൊഴിൽ മേഖലകളും തൊഴിൽ സംസ്കാരവും കാലാനുസൃതമായി മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നു. കല്ലായുധങ്ങളിൽ നിന്ന് ലോഹായുധങ്ങളിലേക്ക് മാറിയ മനുഷ്യന്റെ തൊഴിൽ സംസ്കാരം സഹസ്രാബ്ദങ്ങൾക്കിപ്പുറം ഡിജിറ്റൽ യുഗത്തിൽ നവനവങ്ങളായ യന്ത്രങ്ങളാൽ എളുതും അതിവേഗം മാറ്റങ്ങൾക്ക് വശപ്പെടുന്നതുമായി. മാനവികസംസ്കൃതിയുടെ ആദ്യദശകങ്ങളിൽ മനുഷ്യന് അവന്റെ കഠിനമായ തൊഴിലിൽ ഒരു കൈത്താങ്ങായിരുന്നു ആയുധങ്ങളെങ്കിൽ ഇന്ന് യന്ത്രങ്ങളെ നിയന്ത്രിക്കുക, ശരിയായരീതിയിൽ പ്രവർത്തിപ്പിക്കുക എന്ന രീതിയിലേക്ക് തൊഴിൽസംസ്കാരം മാറിയിരിക്കുന്നു. എന്നിരുന്നാലും മനുഷ്യശക്തി തൊഴിലിന് അവിഭാജ്യഘടകം തന്നെയാണ്. ഇങ്ങനെ അതിവേഗം മാറിക്കൊണ്ടിരിക്കുന്ന തൊഴിൽ മേഖലകൾക്ക് അനുയോജ്യരാക്കി തൊഴിലാളികളെ മാറ്റേണ്ടതുണ്ട്. ഇത്തരത്തിൽ തൊഴിൽമികവിന് ആവശ്യമായ പരിശീലനങ്ങളും തൊഴിലാളികുടുംബങ്ങളുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്കും അവരുടെ പുരോഗതിയ്ക്കും അനിവാര്യമായ പരിശീലനങ്ങളും മാറുന്ന തൊഴിൽ നിയമങ്ങളെയും ചട്ടങ്ങളെയും കുറിച്ച് തൊഴിലാളിസമൂഹങ്ങളെ ബോധവത്ക്കരിക്കാനാവശ്യമായ ശിൽപശാലകളും ക്ലാസുകളും മറ്റും കിലെ തികഞ്ഞ ആസൂത്രണത്തോടെ കാലങ്ങളായി നടത്തിവരുന്നു. തൊഴിൽ രംഗത്ത് ദൃശ്യമാകുന്ന ഓരോ മാറ്റങ്ങളും ഉൾക്കൊണ്ട് അതിനനുസൃതമായ പഠന-അവബോധ വിഭവങ്ങൾ തയ്യാറാക്കിയ ശേഷം ക്രിയാത്മകമായ രീതിയിലാണ് പഠന-പരീശീലന പദ്ധതികൾ നടപ്പിലാക്കുന്നത്.

സംഘടിത-അസംഘടിത മേഖലകളിലെ തൊഴിലാളികൾക്ക്

പുറമെ തൊഴിലാളികളുടെ മക്കളുടെ മികച്ച ഭാവി ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നു. ആരോഗ്യമുള്ള തൊഴിലാളി സമൂഹം ഒരു മികച്ച രാഷ്ട്രത്തിന്റെ വളർച്ചയ്ക്ക് അനിവാര്യ ഘടമാണെന്ന ബോധ്യത്തോടെ പ്രവർത്തിക്കുന്ന കിലെ തൊഴിൽ ജന്യ രോഗങ്ങളെയും പകർച്ചാവ്യാധികളെയും കുറിച്ചും അവയ്ക്കെതിരായ പ്രതിരോധ, പരിഹാരമാർക്ഷങ്ങളെക്കുറിച്ചും ബോധവത്ക്കരണപരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ലഹരിവിരുദ്ധ ബോധവത്ക്കരണ പരിപാടികളും വിവിധ തൊഴിലാളി സമൂഹങ്ങൾക്കിടയിൽ കുറ്റമറ്റ രീതിയിൽ സംഘടിപ്പിച്ചുവരുന്നു. തൊഴിൽ മേഖലകളിലെ അനാരോഗ്യപ്രവണതകൾ ഒഴിവാക്കുന്നതിനും മികച്ച തൊഴിൽ സംസ്കാരം രൂപപ്പെടുത്തുന്നതിനുമായി തൊഴിലാളി സംഘടനകൾക്കും, നേതാക്കൾക്കും, സംരംഭകർക്കും, അഭ്യസ്തവിദ്യരായ യുവതയ്ക്കുമായി പരിശീലനപരിപാടികൾ സംഘടിപ്പിക്കുന്നു. ഇതിനുപുറമെ ഇൻഫർമേഷൻ ടെക്നോളജി തുടങ്ങിയ നവനവ സങ്കേതങ്ങളെയും തൊഴിൽ നിയമദേഗതികളെയും മാറുന്ന ചട്ടങ്ങളെയും കുറിച്ച് തൊഴിലാളികൾക്കും തൊഴിൽഅനുബന്ധമേഖലകളിലുള്ളവർക്കും സംസ്ഥാന-ജില്ലാ ട്രേഡ് യൂണിനുകൾ ഉൾപ്പെടെയുള്ള തൊഴിലാളി സംഘടനകൾക്കും നേതാക്കൾക്കും പരിശീലനം നൽകി വരുന്നു. തൊഴിൽ വകുപ്പിന് കീഴിലെ വിവിധ ഉദ്യോഗസ്ഥർക്കും കാലോചിതമായ മാറ്റങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകുന്നു. മാറുന്ന സാഹചര്യങ്ങളിൽ അഭ്യസ്തവിദ്യർക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സ്വയംതൊഴിൽ, സംരംഭകത്വ പരിശീലന പരിപാടികളും ശിൽപശാലകളും പ്രവർത്തിപരിചയക്ലാസുകളും സംഘടിപ്പിച്ചുവരുന്നു.

**ഗവേഷണം**

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റ് അഥവാ കിലെയുടെ തായ്വേരാണ് ഗവേഷണവിഭാഗമെന്ന് പറയുന്നതിൽ തെറ്റില്ല. കാരണം പരീക്ഷണ-നിരീക്ഷണ-പഠനങ്ങളിലൂടെയല്ലാതെ ലോകത്ത് ഒരു പ്രശ്നത്തിനും ശാശ്വതമായ പരിഹാരം സാധ്യമല്ല. ഇത്തരത്തിൽ കേരളത്തിലെ തൊഴിൽ മേഖലകൾ നേരിടുന്ന പ്രശ്നങ്ങൾക്ക് ദീർഘകാലാടിസ്ഥാനത്തിലുള്ള പരിഹാരമാർഗങ്ങൾ ആരായുക എന്നതാണ് കിലെ ഗവേഷണവിഭാഗത്തിൽ സമർപ്പിതമായിരിക്കുന്ന ഉത്തരവാദിത്വം. മുൻകാലങ്ങളിൽ

പരിമിതികൾക്കുള്ളിൽ നിന്ന് കിലെ ഹ്രസ്വകാല ഗവേഷണങ്ങളായിരുന്നു നടത്തിയിരുന്നത്. എന്നാൽ മാറുന്ന തൊഴിൽ അന്തരീക്ഷത്തിൽ അതിവേഗം മാറുന്ന സങ്കേതങ്ങളുടെ കാലത്ത് ഹ്രസ്വകാല പഠനങ്ങൾ ദീർഘകാലാടിസ്ഥാനത്തിലുള്ള പ്രശ്നപരിഹാരത്തിന് മതിയാവില്ല എന്ന തിരിച്ചറിവിൽ സമഗ്രമായ അഴിച്ചുപണികളാണ് കിലെ ഗവേഷണവിഭാഗം നടത്തിയത്. ഗവേഷണവിഭാഗത്തിനായി ഒരു പൊതുനടപടിക്രമം തയ്യാറാക്കുകയായിരുന്നു അതിൽ ആദ്യത്തേത്.പിന്നീട് ഈ നടപടിക്രമത്തിന്റ ഭാഗമായി വിവിധ വിഷയങ്ങളിൽ ഗവേഷണത്തെ സഹായിക്കാൻ പ്രാപ്തരായ പ്രമുഖരും അക്കാദമിക് വിദഗ്ദ്ധരും ശാസ്ത്രജ്ഞരും സാമൂഹിക ശാസ്ത്രജ്ഞരും മറ്റും അടങ്ങുന്ന ഒരു റിസർച്ച് പൂൾ, ഓരോ ഗവേഷണത്തിനും മേൽനോട്ടം വഹിക്കുന്നതിനുള്ള ഒരു സാങ്കേതിക ഉപദേശക സമിതി (ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി), ഓരോ ഗവേഷണപഠനത്തിന്റെയും ചോദ്യാവലി (Questionnaire) വിലയിരുത്തുന്നതിനുള്ള എത്തിക്കൽ കമ്മിറ്റി രൂപീകരിച്ചു. ഇതിനുപുറമെ പൂർത്തിയായ ഗവേഷണപഠനങ്ങളുടെ റിപ്പോർട്ടിന്റെ മലയാളപരിഭാഷയും പോളിസി ബ്രീഫ്, പോളിസി പേപ്പർ എന്നിവ പ്രസിദ്ധീകരിക്കാനും തീരുമാനിച്ചു. ഈ വിഭാഗങ്ങളുടെ സഹായത്തോടെ വിപുലവും ആഴത്തിലുള്ളതുമായ പഠനഗവേഷണങ്ങളാണ് കിലെ ഗവേഷണവിഭാഗം നടത്തിവരുന്നത്. നാല്പതോളം വിഷയങ്ങളിൽ ഇതുവരെ കിലെ വിശദമായ ഗവേഷണപഠനം നടത്തിക്കഴിഞ്ഞു.

**സിവിൽസർവ്വീസ് അക്കാദമി**

തൊഴിലാളികളുടെ മക്കൾക്കും ഉന്നതഉദ്യോഗങ്ങളിലും സ്ഥാനങ്ങളിലും വിരാജിക്കുവാൻ കഴിയണമെന്ന ലക്ഷ്യത്തോടെ അതിനവരെ പ്രാപ്തരാക്കുന്നതിനായി വിവിധ പരിശീലനപദ്ധതികളാണ് കിലെ ആവിഷ്ക്കരിച്ചു നടപ്പിലാക്കിവരുന്നത്. അതിൽ സുപ്രധാനമായ ഒരു ചുവടുവയ്പാണ് കിലെ 2020 ജനുവരിയിൽ ആരംഭിച്ച സിവിൽ സർവ്വീസ് പരിശീലനപദ്ധതി. കൊവിഡ് പശ്ചാത്തലത്തിലും മുൻകൂട്ടി നിശ്ചയിച്ച പദ്ധതിക്ക് തുടക്കമിടാൻ കഴിഞ്ഞത് വലിയ നേട്ടമായി. മാറുന്ന കാലത്തിനൊപ്പം സഞ്ചരിക്കാൻ തൊഴിലാളികളുടെ മക്കളെ പ്രാപ്തരാക്കാൻ ആശയവിനിമയം, സമീപനം, പ്രകടനം എന്നിവ മെച്ചപ്പെടുത്തുന്നതിനായി സ്പോക്കൺ

ഇംഗ്ലീഷ്, ആറ്റിറ്റ്യൂട്ട് പരിശീലന ക്ലാസുകൾ നടത്താനും കിലെ പദ്ധതിയിടുന്നു.

തൊഴിൽമേഖലയെ സംബന്ധിച്ച നാല്പതോളം വിഷയങ്ങളിൽ സൂക്ഷ്മമായ പഠനം നടത്തിയ ശേഷമാണ് കിലെ പരിശീലന പരിപാടികളും അവയുടെ പാഠ്യപദ്ധതിയും ആവിഷ്ക്കരിച്ചിരിക്കുന്നത്. കേസ് സ്റ്റഡി, കൈപ്പുസ്തകങ്ങൾ, ഗഹനമായ പാഠ്യഭാഗങ്ങളെ ലളിതമായും ആയാസരഹിതമായും വിശദീകരിക്കുന്ന പവർപോയിന്റ് പ്രസന്റേഷനുകൾ, ബന്ധപ്പെട്ട ഓരോ മേഖലകൾക്കും അനുയോജ്യമായ രീതിയിൽ സംഘടിപ്പിക്കുന്ന ശില്പശാലകളും പ്രവർത്തി പരിചയക്ലാസുകളും, ദൃശ്യ-ശ്രാവ്യ പഠനോപാധികൾ, വ്യക്തിത്വവികസനത്തിനും നേതൃത്വപരിശീലനത്തിനും വേണ്ടിയുള്ള സമ്പർക്ക പരിപാടികൾ തുടങ്ങിയവയാണ് പഠനോപാധികൾ. കിലെ ക്യാമ്പസ് എന്ന സ്വപ്നസാക്ഷാത്കാരത്തിനായുള്ള പ്രവർത്തനങ്ങളും തകൃതിയായി പുരോഗമിക്കുന്നു.

**പ്രസിദ്ധീകരണം**

അക്ഷരം എക്കാലത്തും ഏതു സമൂഹത്തിനും വെളിച്ചം പ്രദാനം ചെയ്യുന്നുവെന്ന ബോധ്യത്തോടെയാണ് കിലെ പ്രസിദ്ധീകരണ വിഭാഗത്തിന് രൂപംകൊടുത്തതും പ്രവർത്തമാർക്ഷം വിഭാവനം ചെയ്തിരിക്കുന്നതും. അവകാശങ്ങളെ കുറിച്ചും കടമകളെക്കുറിച്ചുമുള്ള അവബോധമില്ലായ്മയാണ് അടിസ്ഥാനവർക്ഷത്തിന്റെ പ്രധാന പ്രശ്നം. ഈ അറിവില്ലായ്മ തന്നെയാണ് അവരെ സമൂഹത്തിൽ അരികുവത്ക്കരിക്കുന്നത്. സാക്ഷരകേരളത്തിലെ പാർശ്വവത്കൃത തൊഴിലാളി സമൂഹത്തെ അറിവിന്റെയും സ്വയംബോധ്യത്തിന്റെയും സാമൂഹികബോധ്യത്തിന്റെയും തലങ്ങളിലേക്കുയർത്തുക എന്ന കർത്തവ്യമാണ് കിലെ പ്രസിദ്ധീകരണവഭാഗത്തിൽ നിക്ഷിപ്തമായിരിക്കുന്നത്. ഈ ബോധ്യത്തോടെ തൊഴിൽ നിയമങ്ങളെയും നിയമഭേദഗതികളെയും ചട്ടങ്ങളെയും കുറിച്ചുള്ള സമഗ്രമായ വിവരങ്ങൾ ലളിതമായ രീതിയിൽ കിലെ തൊഴിലാളി സമൂഹങ്ങളിലെത്തിക്കുന്നു. സാമൂഹിക നിരീക്ഷകർക്കു സഹായകമായ സമഗ്രമായ റിപ്പോർട്ടുകൾക്കൊപ്പം സാധാരണക്കാരന് പ്രാപ്യമായ കൈപ്പുസ്തകങ്ങളും കിലെ പ്രസിദ്ധീകരിച്ചുവരുന്നു. കിലെയുടെ ഗവേഷണഫലമായ

കണ്ടെത്തലുകളും പുസ്തകരൂപത്തിൽ സമൂഹത്തിന് പ്രദാനം ചെയ്യുന്നു.വ്യത്യസ്ത തൊഴിൽ മേഖലകളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളും പ്രശ്നങ്ങളും പരിഹാരമാർക്ഷങ്ങളും ലളിതമായും കൈയടക്കത്തോടെയും തൊഴിലാളി സമൂഹങ്ങളിലേക്കും പൊതുജന സമക്ഷവും എത്തിക്കുക, ദേശീയ-അന്തർദ്ദേശീയ തലത്തിൽ കേരള ത്തിലെ തൊഴിൽമേഖലയെയും സുപ്രധാനവഴിത്തിരിവുകളെയും കുറിച്ച് കൃത്യമായ വിവരം കൈമാറുക, ദേശീയ-അന്തർദ്ദേശീയ -സംസ്ഥാന തലത്തിലെ മാറ്റങ്ങൾ കൃത്യമായും കേരളത്തിലെ തൊഴിലാളി സമൂഹങ്ങളിലേക്ക് എത്തിക്കുക തുടങ്ങിയവാണ് കിലെ പ്രസിദ്ധീകരണവിഭാഗത്തിന്റെ നയം. ഇത്തരം മാറ്റങ്ങൾ ഉൾക്കൊ ണ്ടുകൊണ്ട് നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്ന തൊഴിലാളി സമൂഹത്തെയും അതുവഴി മികച്ച ഒരു പൊതുസമൂഹത്തെയും വാർത്തെടുക്കുക എന്നതാണ് പ്രസിദ്ധീകരണവിഭാഗത്തിൽ നിക്ഷിപ്തമായ ദൗത്യം.

ഞാനും എന്റെ തൊഴിൽ നിയമങ്ങളും (6 വാല്യം), കേരള ത്തിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ ചരിത്രം, തൊഴിൽ പദകോശം, സംരംഭകർക്ക് സഹായകമായ ബിസിനസ് എൻസൈ ക്ലോപീഡിയ, വ്യവസായമേഖലയിലുള്ളവർക്ക് പ്രയോജനപ്രദമായ ഇൻഡസ്ട്രിയൽ റിലേഷൻ കമ്മിറ്റി തുടങ്ങി നിരവധി പുസ്തകങ്ങളും ലഘുലേഖകളും കൈപ്പുസ്തകങ്ങളും കിലെ ന്യൂസ് തുടങ്ങിയ ആനുകാലികങ്ങളും കിലെ പ്രസിദ്ധീകരണവിഭാഗം ഇംഗ്ലീഷ് മലയാളം ഭാഷകളിൽ തയ്യാറാക്കി പ്രസിദ്ധീകരിച്ചുവരുന്നു. ഇതിനു പുറമെ കൊറോണ: കരുതലും അതിജീവനവും-വരുന്ന മൂന്ന് വർഷങ്ങളിൽ, തൊഴിൽ മേഖലയും കേരളവും, കൈത്തറിയുടെ പിറവി മലബാറിൽ, തൊഴിലിടങ്ങളിലെ സ്ത്രീ സുരക്ഷ: ചരിത്രവും വർത്തമാനവും ഭാവിയും, തൊഴിൽ ഡയറക്ടറി, ഭിന്നലിംഗക്കാരുടെ സാമൂഹിക ഇടപെടലും തൊഴിൽ ജീവിതവും, അസംഘടിത മേഖലയിലെ തൊഴിലാളികളിൽ സമ്പാദ്യശീലവും കരുതലും ജീവിതശൈലിയും തുടങ്ങി നിരവധി പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാനുള്ള നടപടികളും പുരോഗമിക്കുന്നു.